## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്തിന്റെ 1998-1999 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 48, 49, 50, 51, 53, 54, 55, 56, 57, 2003-2004 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.13, 3.14, 2007-2008 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2, 3.3, 3.6 എന്നിവ പ്രകാരം തടസ്സപ്പെടുത്തിയ ചെലവുകൾക്ക് സാധൂകരണം നൽകിയും 2008-2009 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.5 പ്രകാരം തടസ്സപ്പെടുത്തിയ ചെലവിനുള്ള സാധൂകരണാപേക്ഷ നിരസിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു

---

### തദ്ദേശ സ്വയം ഭരണ (എ.ബി) വകുപ്പ്

സ.ഉ(സാ.ധാ).നം.3537/2015/ത.സ്വ.ഭ.വ തിരുവനന്തപുരം,തിയതി, 27.11.2015

പരാമർശം :1. പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 12.01.2015 –തിയതിയിലെ എ – 558/14 (1) നമ്പർ കത്ത്

2. പഞ്ചായത്ത് ഡയറക്ടറുടെ 21.05.2015 – തിയതിയിലെ എം3/14412/15 നമ്പർ കത്ത്

3. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 14.09.2015 – തിയതിയിലെ എൽ.എഫ്.8304/പി.റ്റി3/15 നമ്പർ കത്ത്

### <u>ഉത്തരവ്</u>

മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്തിന്റെ 1998-1999 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 48, 49, 50, 51, 53, 54, 55, 56, 57 എന്നിവ പ്രകാരം, 13.02.1998 – ലെ സ.ഉ(എം.എസ്) 36/98/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ഗുണഭോക്താക്കളുടെ പരിപൂർണ്ണ പങ്കാളിത്തത്തോടു കൂടി പ്രവൃത്തി നിർവഹിക്കുന്നതിന് പകരം ക്വൊട്ടേഷൻ ക്ഷണിച്ച് മരാമത്ത് സാധനങ്ങൾ വാങ്ങി പ്രവൃത്തി നിർവഹിച്ചതിനാൽ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 48 പ്രകാരം 60155/-രൂപാ, ഖണ്ഡിക 49 പ്രകാരം 25272/- രൂപാ, ഖണ്ഡിക 50 പ്രകാരം 68016/- രൂപാ, ഖണ്ഡിക 51 പ്രകാരം 9432/- രൂപാ, ഖണ്ഡിക 52 പ്രകാരം 22793/- രൂപാ, ഖണ്ഡിക 54 പ്രകാരം 110972/- രൂപാ, ഖണ്ഡിക 55 പ്രകാരം 40216/- രൂപാ, ഖണ്ഡിക 56 പ്രകാരം 949671/- രൂപാ, ഖണ്ഡിക 49 പ്രകാരം 25272/- രൂപാ എന്നിവ തടസ്സപ്പെടുത്തിയിരുന്നു. കൂടാതെ ഖണ്ഡിക 57(3) പ്രകാരം ജെ.ആർ.വൈ ജനകീയാസൂത്രണ നിബന്ധനകൾക്കു വിരുദ്ധമായി ചെലവഴിച്ചതിനാൽ 16774/- രൂപാ തടസ്സപ്പെടുത്തുകയും 4654 രൂപാ തിരിടച്ചടക്കുവാൻ നിർദേശിക്കുകയും ചെയ്തിരുന്നു. പ്രസ്തുത പ്രവൃത്തികളുടെ കൺവീനർമാരുടെ അറിവില്ലായ്മ മൂലമാണ് ഇത്തരത്തിൽ സംഭവിച്ചതെന്നും ആയതിനാൽ മാപ്പാക്കി ഇക്കാര്യത്തിൽ സാധൂകരണം നൽകണമെന്നും പഞ്ചായത്ത് ഭരണ സമിതി ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും ഇതേ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറും ഇക്കാര്യത്തിൽ അനുകൂല ശുപാർശ

നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം മൂന്ന് കത്ത് പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

2003-2004 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.13, 3.14 എന്നിവ പ്രകാരം, റേറ്റ് കോൺട്രാക്ട് നിലവിലുള്ള സ്ഥാപനങ്ങളിൽ നിന്നു മാത്രമേ സ്റ്റീൽ ഫർണ്ണീച്ചർ വാങ്ങാവൂ എന്ന സർക്കാർ സർക്കുലറിനും ഉത്തരവിനും വിരുദ്ധമായി സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും സ്റ്റീൽ ഫർണ്ണീച്ചർ, തയ്യൽ മെഷീൻ എന്നിവ വാങ്ങുന്നതിനായി ചെലവഴിച്ച യഥാക്രമമുള്ള 1,00,000 രൂപാ, 16200 രൂപാ എന്നിവ തടസ്സപ്പെടുത്തിയിരുന്നു. പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനപ്രകാരമാണ് പ്രസ്തുത പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിനായി ക്വൊട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ നിരക്കിലുള്ളത് വാങ്ങിയതെന്നും ആയതിനാൽ ഇക്കാര്യത്തിലും സാധൂകരണം നൽകണമെന്ന് പഞ്ചായത്ത് ഭരണ സമിതി ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും ഇതേ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറും ഇക്കാര്യത്തിൽ അനുകൂല ശുപാർശ നൽകിയിട്ടുണ്ട്. ഇക്കാര്യത്തിലും സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നാണ് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം മൂന്ന് കത്ത് പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

2007-2008 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2,3.3 എന്നിവ പ്രകാരം മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് പുതിയ റോഡ് നിർമ്മാണം, തനത് ആസ്തി സംരക്ഷണം എന്നിവ നടത്തിയ ഇനത്തിലുള്ള യഥാക്രമമുള്ള 4,19,669 രൂപാ, 3,02,194 എന്നിവ തടസ്സപ്പെടുത്തിയിരുന്നു. റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയപ്പോൾ ചെറിയ തോതിൽ നിർമ്മാണ പ്രവൃത്തികളും നടത്തേണ്ടി വന്നെന്നും തനത് ആസ്തി സംരക്ഷണത്തിന് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കരുതെന്ന സർക്കുലർ വന്നപ്പോഴേക്കും തനത് ആസ്തികളുടെ സംരക്ഷണത്തിനുള്ള പ്രവൃത്തികൾ ആരംഭിച്ചു കഴിഞ്ഞിരുന്നുവെന്നും ആയതിനാൽ ഇക്കാര്യത്തിൽ സാധൂകരണം നൽകണമെന്നും പഞ്ചായത്ത് ഭരണ സമിതി ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും ഇതേ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറും ഇക്കാര്യത്തിൽ അനുകൂല ശുപാർശ നൽകിയിട്ടുണ്ട്. ഇക്കാര്യത്തിലും സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നാണ് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം മൂന്ന് കത്ത് പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

2007-2008 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.6 പ്രകാരം നിലവിലുള്ള സർക്കാർ സബ്സിഡി ഉത്തരവുകൾക്കു വിരുദ്ധമായി വൃദ്ധർക്ക് മെഡിക്കൽ ക്യാമ്പും ആയുർവേദ മരുന്ന് വിതരണവും എന്ന പദ്ധതിക്കായി ചെലവഴിച്ച 1,00,000 രൂപാ തടസ്സപ്പെടുത്തിയിരുന്നു. സാധുക്കളായ ജനങ്ങളുടെ ആരോഗ്യ പരിപാലനത്തിനായാണ് മേൽ പദ്ധതി നടപ്പിലാക്കിയതെന്നും ആയതിനാൽ ഇക്കാര്യത്തിൽ സാധൂകരണം നൽകണമെന്നും പഞ്ചായത്ത് ഭരണ സമിതി ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും ഇതേ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറും ഇക്കാര്യത്തിൽ അനുകൂല ശുപാർശ നൽകിയിട്ടുണ്ട്. ഇക്കാര്യത്തിലും സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നാണ് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം മൂന്ന് കത്ത് പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

പഞ്ചായത്തിന് കൈമാറിയിട്ടില്ലാത്ത എയ്ഡഡ് സ്കൂളുകൾക്ക് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ബഞ്ച്, ഡസ്ക് എന്നിവ വാങ്ങിയതിന് 184705 രൂപാ ചെലവു ചെയ്തത് നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായതിനാൽ ആയത് 2008-2009 വർഷത്തെ

..........3

ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.5 പ്രകാരം തടസ്സപ്പെടുത്തിയിരുന്നു. ഫർണ്ണീച്ചറുകൾ വാങ്ങിയത് പഞ്ചായത്തിലെ പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്കു വേണ്ടിയാണെന്നും ആയതിനാൽ ഇക്കാര്യത്തിൽ സാധൂകരണം നൽകണമെന്നും പഞ്ചായത്ത് ഭരണ സമിതി ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും ഇതേ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറും ഇക്കാര്യത്തിൽ അനുകൂല ശുപാർശ നൽകിയിട്ടുണ്ട്. ഇക്കാര്യത്തിലും സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നാണ് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം മൂന്ന് കത്ത് പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം, പഞ്ചായത്ത് ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ എന്നിവരുടെ കത്തുകളിലെ വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്തിന്റെ 1998-1999 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 48, 49, 50, 51, 53, 54, 55, 56, 57, 2003-2004 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.13, 3.14, 2007-2008 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2, 3.3, 3.6 എന്നിവ പ്രകാരം തടസ്സപ്പെടുത്തിയ ചെലവുകൾക്ക് സാധൂകരണം നൽകിയും 2008-2009 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.5 പ്രകാരം തടസ്സപ്പെടുത്തിയ ചെലവിനുള്ള സാധൂകരണാപേക്ഷ നിരസിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
റ്റി.വിജയൻ
ഡെപ്യൂട്ടി സെക്രട്ടറി

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി, പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്ത്, മലപ്പുറം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ